വലിയ കുളങ്ങളിൽ നേരിട്ട് വിരൽ വലിപ്പമെത്തിയ കുഞ്ഞുങ്ങളെ ഇറക്കിവിട്ടോ, അല്ലെങ്കിൽ നേഴ്സറി കുളങ്ങളിൽ നിക്ഷേപിച്ച് മൂന്ന് മാസം വളർത്തിയ ശേഷമോ വേണം കാർപ്പ് മത്സ്യകൃഷി ആരംഭിക്കേണ്ടത്. നേഴ്സറി പരിപാലനത്തിന്റെ പ്രാഥമിക ഉദ്ദേശ്യം വിരൽ വലുപ്പമെത്തിയ കുഞ്ഞുങ്ങളെ കൂടുതൽ എണ്ണം നിക്ഷേപിച്ച് ശരാശരി 100 മുതൽ 150 ഗ്രാം വരെ എത്തിക്കുക എന്നതാണ്. വിരൽ വലുപ്പമെത്തിയ മൽസ്യകുഞ്ഞുങ്ങളെ നേരെ കുളങ്ങളിൽ നിക്ഷേപിച്ച് വളർത്തുമ്പോൾ വളർച്ചാ നിരക്കും, അതിജീവന ശതമാനവും കുറയാൻ സാധ്യതയുണ്ട്. വിരൽ വലുപ്പമെത്തിയ 780 കുഞ്ഞുങ്ങളെ ഒരു സെന്റ് സ്ഥലത്ത് എന്ന തോതിൽ നിക്ഷേപിക്കണം. പുറം തീറ്റ കപ്പലണ്ടിപിണ്ണാക്ക്/കടുകിൻ പിണ്ണാക്ക്: അരിത്തവിട്/ഗോതമ്പ് തവിട് സമം (1:1) എന്നിവ ചേർത്ത് കലർത്തി മിശ്രതമാക്കി 2 നേരങ്ങളിലായി നൽകണം.

ആദ്യമാസം മത്സ്യഭാരത്തിന്റെ 8% എന്ന തോതിൽ തീറ്റ നൽകണം. തുടർന്ന് മൽസ്യത്തിന്റെ വളർച്ചയ്ക്ക് ആനുപാതികമായി തീറ്റയുടെ അളവും വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ കുറഞ്ഞത് 3 മാസത്തെ പരിപാലനത്തിനു ശേഷം ഇവയെ ചെറിയ കണ്ണി വലുപ്പമുള്ള വലകൾ ഉപയോഗിച്ചോ അല്ലെങ്കിൽ കുളം വറ്റിച്ചോ പിടിച്ചെടുക്കണം. ഈ സമയത്ത് ഇവ 150 ഗ്രാം വരെ വലിപ്പം വച്ചിരിക്കും.

## കുളങ്ങളിൽ തുറന്ന് വിട്ടുള്ള കൃഷി

ശരാശരി 150 ഗ്രാം വലുപ്പമുള്ള മൽസ്യകുഞ്ഞുങ്ങളെയാണ് വലിയ കുളങ്ങളിൽ വളർത്തുന്നതായി നിക്ഷേപിക്കേണ്ടത്. ഒരേ വിഭാഗത്തിൽ പെടുന്നവയോ വ്യത്യസ്ഥ വിഭാഗങ്ങളിൽ പെടുന്ന മൽസ്യങ്ങളെ ഒരുമിച്ചോ കൃഷി ചെയ്യാവുന്നതാണ്. മിശ്രിത മൽസ്യകൃഷിയിൽ കട്ടല, രോഹു, മൃഗാൽ എന്നീ മൽസ്യങ്ങളെ 1:1:1 എന്ന അനുപാതത്തിലോ സിൽവർകാർപ്പ്, ഗ്രാസ്കാർപ്പ്, കോമൺ കാർപ്പ് എന്നിവയെ 4:3:3 എന്ന അനുപാതത്തിലോ അല്ലെങ്കിൽ കട്ടല, രോഹു, മൃഗാൽ, സിൽവർകാർപ്പ്, ഗ്രാസ്കാർപ്പ്, കോൺകാർപ്പ് എന്നിവയെ 1:1:1:1:1:1 എന്നീ അനുപാതത്തിലോ നിക്ഷേപിക്കാവുന്നതാണ്. ചെറുകിട മൽസ്യകൃഷിയിൽ ഒരു ഹെക്ടറിൽ 5000 മൽസ്യങ്ങളെ(ശരാശരി150ഗ്രാം)എന്ന ക്രമത്തിൽ നിക്ഷേപിച്ച് വളർത്താവുന്നതാണ്. ഈ കുളങ്ങളിൽ കൃത്യമായ ഇടവേളകളിൽ വളപ്രയോഗം നടത്തേണ്ടത് അത്യാവശ്യമാണ്. ഇത് പ്രകൃത്യാ ലഭിക്കുന്ന തീറ്റയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുന്നതാണ്. ശരാശരി ഒരു മൽസ്യം ഒരുവർഷത്തെ വളർച്ചകൊണ്ട് 800 മുതൽ 1200 ഗ്രാം വരെ തൂക്കം വെയ്ക്കുന്നതായിരിക്കും. എന്നാൽ പുറം തീറ്റയും കൃത്യമായ വളപ്രയോഗവും ക്രമീകരിച്ച് നൽകുകയാണെങ്കിൽ ഒരു മൽസ്യം 1.5 കിലോഗ്രാം വരെ തൂക്കം വെയ്ക്കുന്നതായിരിക്കും.



Catla



Mrigal Carp



Common Carp



Grass Carp



Rohu



Silver Carp

# പൊക്കാളി പുനരുജ്ജീവനത്തിന് പുതിയ കൃഷി രീതി

ഡോ. പി.എ. വികാസ് & ഡോ. ഷിനോജ് സുബ്രമണ്യൻ
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ, കൊച്ചി - 682505

എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളുടെ തീര പ്രദേശത്ത് മാത്രം കണ്ടുവരുന്ന പ്രത്യേകതരം കൃഷിരീതിയാണ് പൊക്കാളി. ഒരേ സ്ഥലത്തുതന്നെ നെല്ലും ചെമ്മീനും ഇടവിട്ട് കൃഷിചെയ്യുന്ന പൊക്കാളി കൃഷി പൂർണ്ണമായും ജൈവരീതിയിലാണ് ചെയ്യുന്നത്. ചെമ്മീൻ കൃഷിയെ പ്രതികൂലമായി ബാധിച്ച വൈറസ് രോഗബാധമൂലം ഇന്ന് പൊക്കാളി കൃഷി പ്രതിസന്ധിയെ അഭിമുഖീകരിച്ച് കൊണ്ടിരിക്കുകയാണ്. ചെമ്മീൻ കൃഷിയിൽ നിന്നും ലഭിക്കുന്ന ലാഭത്തെ മുന്നിൽ കണ്ടുകൊണ്ടാണ് പല കർഷകരും നെൽകൃഷി നടത്തിക്കൊണ്ടിരുന്നത്. നെൽകൃഷിയിലെ അമിതകൂലിച്ചിലവും, പണിക്കാരുടെ അഭാവവും, കുറഞ്ഞ നെൽ വിലയും ഈ പ്രതിസന്ധി വർദ്ധിപ്പിക്കുന്നതിനുള്ള ആക്കം കൂട്ടി. ഈ സാഹചര്യത്തിൽ പൊക്കാളി കൃഷിരീതിയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം പുതിയൊരു നെല്ല്-മത്സ്യം-ചെമ്മീൻ കൃഷിരീതി 2012-ൽ എറണാകുളം ജില്ലയിലെ പിഴല, ഏഴിക്കര, കടമക്കുടി എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കുകയുണ്ടായി. നെല്ലും ചെമ്മീനും മാറി മാറി കൃഷി ചെയ്യുന്ന നിലവിലുള്ള കൃഷി രീതിയോടൊപ്പം അതിസാന്ദ്രതാ കൂട് മത്സ്യകൃഷി കൂടി സംയോജിപ്പിച്ച് കൊണ്ടാണ് പുതിയ കൃഷിരീതി വിഭാവനം ചെയ്തത്. കാലാവസ്ഥ അതിജീവന കൃഷിരീതികളുടെ ദേശീയ സംരംഭത്തിന്റെ (NICRA) ധനസഹായത്തോടെ നടത്തിയ ഈ പുതിയ കൃഷിരീതിയുടെ ഉദ്ദേശലക്ഷ്യം പൊക്കാളി നെൽകൃഷിയ്ക്കും ചെമ്മീൻ കൃഷിക്കുമൊപ്പം അതിസാന്ദ്രതാ കൂട് മത്സ്യകൃഷി കൂടി നടത്തി പൊക്കാളി നിലങ്ങളിൽ നിന്നും ലഭിക്കുന്ന ആകെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ്.

### പൊക്കാളി കൃഷി ഒരവലോകനം

ശരിയായ ഒരു പൊക്കാളി കൃഷിയിടം ബണ്ടുകളാൽ ചുറ്റപ്പെട്ടതും, പുഴയിലേക്കോ പ്രധാന കൈത്തോട്ടിലേക്കോ വെള്ളം കയറ്റിയിറക്കാവുന്നതുമായ തൂമ്പും, തൂമ്പിൻ കുഴിയും നിലത്തിന് കുറുകെ പോകുന്ന തോടുകളും, കൈത്തോടുകളും അടങ്ങിയതാണ്. പൊക്കാളി നിലങ്ങൾ വ്യക്തികളുടെ സ്വന്തം ഉടമസ്ഥതയിൽ ഉള്ളതോ, വിവിധ പൊക്കാളി നിലങ്ങൾ ചേർന്ന് പാടശേഖര സമിതിയുടെ കീഴിലോ ആയിട്ടാണ് പ്രവർത്തിക്കുന്നത്. പൊക്കാളിനിലങ്ങളിൽ നെൽ കൃഷിയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നത് ഏപ്രിൽ പതിനഞ്ചിന് ശേഷമാണ്.

പൂർണ്ണമായും വെള്ളം വറ്റിച്ചതിന് ശേഷമാണ് നിലമൊരുക്കൽ നടത്തുന്നത്. അതിനുശേഷം മഴയുടെ വരവനുസരിച്ച് ജൂൺ അവസാനവാരത്തോടുകൂടിയാണ് വിതയ്ക്കൽ നടത്തുന്നത്. നെൽവിത്തുകൾ മുളച്ച് പൊങ്ങി ജൂലൈ രണ്ടാം വാരത്തിനു ശേഷമാണ് വെള്ളം കയറ്റാൻ ആരംഭിക്കുന്നത്. അതുകൊണ്ട് തന്നെ ഈ കാലയളവിലാണ് കൂട് മത്സ്യകൃഷിയും ആരംഭിക്കുന്നത്. പരമ്പരാഗത പൊക്കാളി കൃഷിയിലാണെങ്കിൽ ജൂൺ മുതൽ ഒക്ടോബർ വരെ നെൽകൃഷിയിട്ട് നവംബർ മുതൽ ഏപ്രിൽ വരെ ചെമ്മീൻ കൃഷിയുമാണ് നടത്തുന്നത്.

അതിസാന്ദ്രതാ മത്സ്യകൃഷി നടത്തുന്നത് പൊക്കാളി കൃഷിയിടങ്ങളിലെ തൂമ്പിൻ കുഴികളിലും പ്രധാന തോടുകളിലും ആണ്. ആഗസ്റ്റ് മാസം മുതൽ വർഷത്തിൽ എല്ലാ സമയത്തും വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ടാണ് കൂട്

മത്സ്യകൃഷി നടത്തുന്നതിന് ഈ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നത്. പൊക്കാളി നിലങ്ങളിലെ ജലത്തിലെ ഉപ്പ് രസം കാലാവസ്ഥയ്ക്ക് അനുസൃതമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇത് മഴക്കാലത്ത് ശുദ്ധജലവും വേനക്കാലത്ത് ഉപ്പുവെള്ളവും (28 ppt) ആകുന്നതാണ്. ആയതിനാൽ ഈ പൊക്കാളി നിലങ്ങളിലേയ്ക്ക് തിരെഞ്ഞെടുക്കുന്ന മത്സ്യങ്ങൾ ശുദ്ധജലാശയങ്ങളിലും, ഓര് ജലാശയങ്ങളിലും ഒരുപോലെ വളരുന്നതിന് കഴിവുള്ളവയായിരിക്കണം. ഇത്തരത്തിൽ വളർത്തുന്നതിന് അനുയോജ്യമായ മത്സ്യങ്ങൾ കരിമീൻ, തിരുത, കാളാഞ്ചി, തിലാപ്പിയ, പൂമീൻ എന്നിവയാണ്. ഇവയിൽ കരിമീൻ, തിരുത, പൂമീൻ എന്നിവ വളർന്ന് വിപണനത്തിന് പാകമാകുന്നതിന് ചുരുങ്ങിയത് 8 മുതൽ 9 വരെ മാസത്തെ വളർച്ച അത്യാവശ്യമാണ്. ആയതിനാൽ പരമ്പരാഗത ചെമ്മീൻ കൃഷി തുടങ്ങുന്നതിന് മുമ്പ് തന്നെ മത്സ്യകൃഷിക്ക് വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. തുടക്കത്തിൽ മത്സ്യകുഞ്ഞുങ്ങളെ തൂമ്പിൻ കുഴികളിൽ ചെറിയ ഹാപ്പനെറ്റുകളിലാക്കിയോ കൂടുകളിൽ നിക്ഷേപിച്ചോ വളർത്തേണ്ടതാണ്. പൊക്കാളി നിലങ്ങളിലെ തൂമ്പിൻ കുഴികളിൽ വർഷത്തിൽ എല്ലാ സമയത്തും വെള്ളം ഉണ്ടാവും എന്നതിലാണ് ഇത് സാധിക്കുന്നത്.

### മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത

ഓരു ജലാശയത്തിൽ വളരുന്നതിന് അനുയോജ്യമായ മത്സ്യങ്ങളിൽ കരിമീൻ മത്സ്യകുഞ്ഞുങ്ങൾ വർഷത്തിൽ എല്ലാ സമയത്തും ലഭിക്കുന്നതാണ്. കരിമീൻ വിത്തുൽപാദനം ശാസ്ത്രീയമായ രീതിയിലും കർഷകരുടെ തനതായ രീതിയിലും എറണാകുളം, ആലപ്പുഴ ജില്ലകളുടെ പല ഭാഗത്തും വ്യാപകമായി നടത്തി വരുന്നുണ്ട്. ആയതിനാൽ കരിമീൻ കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് പ്രയാസം കുറവായിരിക്കും. എന്നാൽ തിരുത മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ നിലവിൽ ലഭ്യമല്ലാത്തതിനാൽ പ്രകൃതിയിൽ നിന്നും പിടിച്ചെടുക്കുന്ന കുഞ്ഞുങ്ങളെയാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ തിരുത കുഞ്ഞുങ്ങളെ സുലഭമായി ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് മാസം വരെയുള്ള സമയങ്ങളിൽ മാത്രമാണ്. തീരപ്രദേശങ്ങളിൽ നിന്നും പ്രത്യേക വലകൾ ഉപയോഗിച്ച് വിദഗ്ദരായ മത്സ്യതൊഴിലാളികൾ ആണ് തിരുത മത്സ്യകുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നതും വിപണനം നടത്തുന്നതും.

### കുഞ്ഞുങ്ങളുടെ പരിപാലനം

പ്രകൃതിയിൽ നിന്നും പിടിച്ചെടുക്കുന്ന തിരുത മത്സ്യകുഞ്ഞുങ്ങൾക്ക് ശരാശരി 1 മുതൽ 2 സെ.മീ വരെ നീളവും 150 മുതൽ 200 മി.ഗ്രാം വരെ വലുപ്പവും ആണ് ഉണ്ടാകുന്നത്. ഈ കുഞ്ഞുങ്ങളെ നേരിട്ട് കൃഷിയ്ക്കായി ഉപയോഗിക്കുന്നത് അനുയോജ്യമല്ല. ആയതിനാൽ ഇവയെ കൃഷിയ്ക്കായി ഉപയോഗിക്കുന്നതിനുള്ള വലുപ്പം ആകുന്നത് വരെ നഴ്സറി ഹാപ്പകളിൽ നിക്ഷേപിച്ച് വളർത്തേണ്ടതാണ്. വെലോൺ സ്ക്രീൻ നെറ്റ് ഉപയോഗിച്ചാണ് ഹാപ്പ നെറ്റുകൾ നിർമ്മിക്കേണ്ടത്. അനുയോജ്യമായ ഒരു ഹാപ്പ നെറ്റിന്റെ വലുപ്പം 1.2 X 1.2 X 1.2 m ആകുന്നതാണ് ഉചിതം. ഈ ഹാപ്പ നെറ്റുകൾ കൃഷിയിടത്തിൽ 1.5 മീറ്റർ ആഴം ഉള്ള സ്ഥലത്ത് വേണം സ്ഥാപിക്കേണ്ടത്. ഹാപ്പ നെറ്റുകൾക്ക് സമീപമായി മുളകൾ ഉപയോഗിച്ച് ചെറിയ നടപാത അഥവ പാലം ഉണ്ടാക്കുകയാണെങ്കിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും, തീറ്റ നൽകുന്നതിനും വലകൾ വൃത്തിയാക്കുന്നതിനും എളുപ്പമായിരിക്കും. ഹാപ്പ നെറ്റുകൾ മുളകൾ അല്ലെങ്കിൽ ചൂള മരത്തിന്റെ കാലുകൾ ഉപയോഗിച്ച് ഉറപ്പിച്ച് നിർത്താവുന്നതാണ്. ഹാപ്പനെറ്റിന്റെ മൂന്നിൽ ഒരു ഭാഗം ജലോപരിതലത്തിൽ നിന്നും ഉയർന്ന് നിൽക്കുന്ന രീതിയിൽ വേണം കുറ്റികളിൽ ഉറപ്പിക്കേണ്ടത്. പക്ഷികളുടെയും മറ്റ് ജീവികളുടെയും ആക്രമണത്തിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തുന്നതിനായി ചെറിയ കണ്ണി വലുപ്പമുള്ള HDPE വല ഉപയോഗിച്ച് ഹാപ്പ നെറ്റിന്റെ മുകൾഭാഗം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഒരു മീറ്റർ ക്യൂബ് വ്യാസമുള്ള ഒരു ഹാപ്പനെറ്റിൽ കുറഞ്ഞത് 250 തിരുത കുഞ്ഞുങ്ങളെ വരെ വളർത്താവുന്നതാണ്. മത്സ്യകുഞ്ഞുങ്ങളെ ഓക്സിജൻ നിറച്ച ബാഗിൽ വേണം കൊണ്ടുവരേണ്ടത്. തുടർന്ന് ജലത്തിലെ താപനിലയും മറ്റ് അനുബന്ധ ഘടകങ്ങളും മത്സ്യകുഞ്ഞു

ങ്ങളടങ്ങിയ ബാഗിലെതിന് തുല്യമാക്കി വേണം കുഞ്ഞുങ്ങളെ ഹാപ്പ നെറ്റുകളിലേക്ക് ഇറക്കി വിടേണ്ടത്. മത്സ്യകുഞ്ഞുങ്ങളെ ഹാപ്പനെറ്റുകളിൽ നിക്ഷേപിച്ച് 12 മണിക്കൂറിന് ശേഷം തീറ്റ കൊടുത്ത് തുടങ്ങാവുന്നതാണ്. 45 ശതമാനമെങ്കിലും മാംസ്യം അടങ്ങിയ തിരി രൂപത്തിലുള്ള തീറ്റ വേണം ആദ്യമായി നൽകേണ്ടത്. ഇത്തരത്തിൽ തീറ്റ തിരഞ്ഞെടുക്കുമ്പോൾ ജലത്തിൽ സാവകാശം താഴ്ന്ന് പോകുന്ന തരത്തിലുള്ള തീറ്റയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആദ്യമായി നൽകുന്ന തീറ്റയ്ക്ക് 300 മൈക്രോൺ വലുപ്പം ആണ് ഉണ്ടാകേണ്ടത്. ഈ തീറ്റ ആദ്യത്തെ പതിനഞ്ച് ദിവസത്തേയ്ക്ക് മാത്രം നൽകുന്നതിന് അനുയോജ്യമായവയാണ്. ദിവസത്തിൽ അഞ്ച് നേരം എന്ന ക്രമത്തിൽ വേണം തീറ്റ നൽകേണ്ടത്.

### കൂട്മത്സ്യകൃഷി പ്രാരംഭ പ്രവർത്തനങ്ങൾ

പൊക്കാളി നിലങ്ങളിലെ നിയന്ത്രിത ചുറ്റുപാടിൽ മത്സ്യങ്ങളെ വളർത്തുന്നതിന് അനുയോജ്യമായ കൂടുകൾ നിർമ്മിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു പ്രവർത്തിയാണ്. സമചതുരാകൃതിയിൽ ഉള്ള കൂടുകൾ ആണ് ചെറിയ തോതിലുള്ള കൂട് മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യമായത്. ഒരു മത്സ്യകൂടിന് പ്രധാനമായും നാല് ഭാഗങ്ങൾ ആണ് ഉള്ളത്. മത്സ്യങ്ങളെ വളർത്തുന്നതിനായി നിക്ഷേപിക്കുന്ന വലകൾ (HDPE), വലകൾ ജലാശയത്തിൽ പൊന്തികിടക്കുന്നതിനുള്ള പൊന്തുകൾ, ജലാശയത്തിൽ വലകൾ ശരിയായ രീതിയിൽ വിന്യസിച്ച് കിടക്കുന്നതിനുള്ള സിംങ്കുകൾ, മത്സ്യങ്ങൾ കൂടുകളിൽ നിന്നും രക്ഷപ്പെടാതിരിക്കുന്നതിനുള്ള മേൽ കവചം എന്നിവയാണിവ. പൊക്കാളി നിലങ്ങളിലേയ്ക്ക് അനുയോജ്യമായ ഒരു മത്സ്യകൂടിന് 2 മീ. നീളവും 2 മീറ്റർ വീതിയും 1.3 മീറ്റർ ആഴവും ആണ് ഉണ്ടായിരിക്കേണ്ടത്. ഈ വലക്കൂടുകൾ ജലാശയത്തിൽ ശരിയായ രീതിയിൽ പൊന്തിക്കിടക്കുന്നതിനായിയുള്ള പൊന്തുകൾ 90 മീ.മീ. വ്യാസത്തിലുള്ള പിവിസി പൈപ്പുകൾ ഉപയോഗിച്ചാണ് ഉണ്ടാക്കുന്നത്. വലകൾ ശരിയായ രീതിയിൽ നിൽക്കാൻ 32mm വലിപ്പമുള്ള പിവിസി പൈപ്പുകൾ 1.8 മീറ്റർ കഷണങ്ങളാക്കി മണൽ നിറച്ച് യോജിപ്പിച്ച് വലയുടെ ഉൾഭാഗത്ത് ഇറക്കിവെയ്ക്കേണ്ടതാണ്. മേൽകവചം 40 മീ.മീ വ്യാസമുള്ള പിവിസി പൈപ്പുകൾ 2 മീറ്റർ സമചതുരാകൃതിയിൽ യോജിപ്പിച്ച് HDPE വലകൾ കെട്ടിയാണ് നിർമ്മിക്കുന്നത്. വിരൽ വലുപ്പമെത്തിയ മത്സ്യകുഞ്ഞുങ്ങളെ വേണം ഇത്തരത്തിലുള്ള കൂടുകളിൽ നിക്ഷേപിക്കേണ്ടത്. തിരുത മത്സ്യങ്ങൾ ഒരു കൂട്ടിൽ 200 എണ്ണം വരെയും കരിമീൻ കുഞ്ഞുങ്ങൾ ഒരു കൂട്ടിൽ 300 എണ്ണം വരെയും നിക്ഷേപിക്കാവുന്നതാണ്. മത്സ്യകുഞ്ഞുങ്ങളുടെ ആകെ ശരീരഭാരത്തിന്റെ പത്ത് ശതമാനം എന്ന തോതിൽ വേണം തീറ്റ നൽകേണ്ടത്. മത്സ്യകുഞ്ഞുങ്ങൾ തീറ്റ എടുക്കുന്നത് ജലോപരിതലത്തിൽ നിന്നും കുറഞ്ഞത് 20 സെ. മീറ്ററെങ്കിലും താഴെയായിരിക്കും. ആയതിനാൽ കുറഞ്ഞ അളവിൽ തുടർച്ചയായി ഒരു സ്ഥലത്ത് തന്നെ തീറ്റകൊടുക്കേതാണ്. ഇതിനെ സ്പോട്ട് ഫീഡിങ്ങ് എന്നാണ് പറയുന്നത്. പതിനഞ്ച് ദിവസങ്ങൾക്ക്ശേഷം തീറ്റയുടെ വലുപ്പം 500 മൈക്രോൺ ആക്കി മാറ്റാവുന്നതാണ്. ഈ രീതിയിൽ കുറഞ്ഞത് 45 ദിവസത്തെ പരിപാലനം കൊണ്ടാണ് തിരുത മത്സ്യകുഞ്ഞുങ്ങൾ വിരൽ വലുപ്പത്തിൽ എത്തി കൃഷിയ്ക്കായി ഇറക്കുന്നതിന് അനുയോജ്യമാകുന്നത്. ഹാപ്പനെറ്റുകളിലെ കണ്ണികൾ വളരെ ചെറുതായതുകൊണ്ട് ചെളിയും പ്ലവകങ്ങളും മറ്റും അടിഞ്ഞ് കണ്ണികളിലൂടെയുള്ള ജലപ്രവാഹം തടസ്സപെടുന്നതിന് സാധ്യതയുണ്ട്. അതുകൊണ്ട് മൂന്ന് ദിവസത്തിൽ ഒരിക്കൽ ഹാപ്പനെറ്റുകൾ കഴുകി വൃത്തിയാക്കേണ്ടതും, പതിനഞ്ച് ദിവസത്തിൽ ഒരിക്കൽ പഴയ ഹാപ്പനെറ്റുകൾ മാറ്റി പുതിയ ഹാപ്പ നെറ്റുകളിലേക്ക് മത്സ്യങ്ങളെ മാറ്റേണ്ടതും അത്യാവശ്യമാണ്.

കരിമീൻ മത്സ്യങ്ങളുടെ വിരൽ വലുപ്പത്തിലുള്ള കുഞ്ഞുങ്ങളെ വിപണിയിൽ ലഭ്യമായതുകൊണ്ട് ഹാപ്പനെറ്റുകളിൽ നിക്ഷേപിച്ചുള്ള പരിപാലന പ്രക്രിയ ഒഴിവാക്കാവുന്നതാണ്. ഹാപ്പകളിൽ ചെയ്തതുപോലെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് 12 മണിക്കൂറിന് ശേഷം തീറ്റ കൊടുത്ത് തുടങ്ങാവുന്നതാണ്. തുടക്കത്തിൽ നൽകുന്ന തീറ്റ ജലത്തിൽ സാവധാനത്തിൽ താഴ്ന്ന് പോകുന്നതോ പൊന്തികിടക്കുന്നതോ ആയിരിക്കേണ്ടതാണ്. തിരി രൂപത്തിലുള്ള തീറ്റ

ലഭ്യമല്ലാത്ത സാഹചര്യത്തിൽ തവിട്, കപ്പലണ്ടി പിണ്ണാക്ക് എന്നിവ (7:3) എന്ന അനുപാതത്തിൽ കലർത്തിയും നൽകാവുന്നതാണ്. തീറ്റ ഒരു ദിവസത്തിൽ രണ്ട് നേരം എന്ന ക്രമത്തിൽ നൽകുന്നതാണ് ഉചിതം. മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ആനുപാതികമായി തീറ്റയുടെ അളവും തിരിതീറ്റയാണെങ്കിൽ തിരി വലുപ്പവും വർദ്ധിപ്പിക്കേതാണ്. ഇത്തരത്തിൽ 2 മീ.മീ, 3 മീ.മീ എന്നീ വലുപ്പത്തിലുള്ള തീറ്റകൾ ആണ് വിപണിയിൽ ലഭ്യമായിട്ടുള്ളത്. തീറ്റയുടെ വില അതിലെ മാംസ്യത്തിന്റെ അളവിന് ആനുപാതികം ആയിരിക്കും. വിപണിയിൽ ലഭ്യമായ 1 കിലോ തിരി തീറ്റയ്ക്ക് 28 മുതൽ 45 രൂപ വരെയാണ് വില. ഇത്തരത്തിൽ തീറ്റ നൽകി 8 മാസത്തെ വളർച്ച കൊണ്ട് കരിമീൻ ശരാശരി 150 ഗ്രാം തിരുത 300 ഗ്രാമും വരെയാണ് വളർച്ചയെത്തുന്നത്. മത്സ്യങ്ങൾ വിളവെടുക്കുന്നതിന് അനുയോജ്യമായ സമയം ഏപ്രിൽ ആദ്യവാരത്തിൽ ആണ്. ശരിയായ രീതിയിൽ കൂടുകളിൽ മത്സ്യങ്ങളെ പരിപാലിച്ച് വളർത്തുകയാണെങ്കിൽ കരിമീനിന് 90 ശതമാനവും തിരുത മത്സ്യങ്ങൾക്ക് 60 ശതമാനവും വരെ അതിജീവന തോത് ഉണ്ടാകുന്നതാണ്.

പൊക്കാളി നിലങ്ങളിൽ അതിസാന്ദ്രതാ മത്സ്യകൃഷി സംയോജിപ്പിച്ച് നടത്തുന്നത് കൂടുകളിൽ ആയതിനാൽ പരമ്പരാഗതമായ നെൽകൃഷിയ്ക്കോ ചെമ്മീൻ കൃഷിയ്ക്കോ യാതൊരുവിധ തടസ്സങ്ങളില്ല എന്നുള്ളത് ഈ കൃഷിരീതിയുടെ സവിശേഷതയാണ്. ഒരു ഹെക്ടർ പൊക്കാളി നിലത്തേയ്ക്കുവേണ്ട മത്സ്യകൂട്, വല മറ്റ് വസ്തുക്കൾ എന്നിവയെല്ലാം ചേർന്ന് 88200 രൂപയാണ് ചെലവാക്കേണ്ടത്. എന്നാൽ ഇവയെല്ലാം തുടർച്ചയായി 5 വർഷത്തേയ്ക്ക് ഉപയോഗിക്കാം എന്നുള്ളതിനാൽ വാർഷിക ചിലവ് 17640 രൂപ മാത്രമായിരിക്കും. ഇതിനുപുറമെ മത്സ്യകുഞ്ഞുങ്ങൾ, തീറ്റ, പണിക്കൂലി തുടങ്ങിയ ഇനത്തിൽ ഹെക്ടറിന് 89000 രൂപയാണ് ആകെ ചിലവാക്കേണ്ടതായി വരുന്നത്. ഹെക്ടറിൽ 320 കി.ഗ്രാം കരിമീനും 310 കി.ഗ്രാം തിരുതയും വിളവെടുക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ ആകെ വരവ് 192000 രൂപയായാൽ 83000 രൂപയോളം ലാഭം ഈ കൃഷിയിൽ നിന്നും ലഭിക്കാവുന്നതാണ്. നെൽകൃഷി മാത്രം ചെയ്യുന്ന പൊക്കാളി നിലങ്ങളിൽ ഹെക്ടറിന് 15000 രൂപയും നെല്ലും ചെമ്മീനും ഇടവിട്ട് കൃഷി ചെയ്യുന്ന പാടങ്ങളിൽ 50000 രൂപ വരെയും മാത്രം ലഭിക്കുന്ന കൃഷിയിടങ്ങളിൽ നിന്നും അധികവരുമാനം ഉണ്ടാക്കാവുന്ന ഒരു കൃഷിരീതിയാണ് മത്സ്യചെമ്മീൻ പൊക്കാളി സംയോജിത കൃഷി രീതി.



Actor Sreenivasan Inaugurating Technology Demonstration of Integrated Cage Farming in Pokkali fields




Shri. S. Sharma MLA Inaugurating The Farm Gate Market at Kappu Pokkaly Fields, Nayarambalam



Harvested fish from the Pokkali field



Floating Cages in the Pokkali fields



Pokkali field of Mr.Murali at Kadamakkudy



Shri.Vinod in his Pokkali field at Pizhala



Pokkali Paddy



Harvesting the Pokkali Paddy by Farmers



Transporting the Harvested Paddy in Wodden Cannoe



Harvested Pokkali Paddy



Shri. Pushpangathan at Kadamakkudy Pokkali field



Freshly Harvested Mullet

# കുളങ്ങളിലെ അലങ്കാര മത്സ്യക്കൃഷി

ഡോ. വികാസ് പി.എ. & പുഷ്പരാജ് ആൻജലോ
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ, കൊച്ചി - 682505

ലോകത്തിന്റെ നാനാഭാഗങ്ങളിലും അതിവേഗം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു കൃഷി സംരംഭമാണ് അലങ്കാര മത്സ്യങ്ങളുടെ പ്രജനനവും വിപണനവും. കാഴ്ചയ്ക്ക് കൗതുകവും മനസ്സിന് ഉത്സാസഹവും ലഭിക്കുന്നതു കൊണ്ടാകാം അലങ്കാര മത്സ്യങ്ങൾ വീടുകളിലും ഓഫീസ് മുറികളിലും പ്രദർശന ശാലകളിലും മറ്റ് വേദികളിലും ഇന്ന് ഒഴിവാക്കാനാവാത്ത ഒരു ഇനമായി മാറിക്കഴിഞ്ഞത്. ഈ സാഹചര്യം മുതലെടുത്തു കൊണ്ട് യുവതലമുറ അലങ്കാര മത്സ്യങ്ങളെ വിത്തുൽപ്പാദനം നടത്തി വ്യവസായികാടിസ്ഥാനത്തിൽ വിപണനം നടത്തിവരുന്നുണ്ട്. പരമ്പരാഗത കൃഷി രീതികളിൽ നിന്നും വ്യത്യസ്തമായി ഇത്തരത്തിലുള്ള സംരംഭങ്ങൾ വിജയിപ്പിക്കണമെങ്കിൽ ശാസ്ത്രീയമായ അറിവും, വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണെന്നുള്ളത് കൊണ്ടാണ് ഇത് കൂടുതൽ ആളുകളിലേക്ക് വ്യാപിക്കാത്തത്.

വിവിധ തരത്തിലുള്ള അലങ്കാര മത്സ്യ വിഭാഗങ്ങളിൽ ഏറ്റവും വ്യാപകമായി വിത്തുൽപ്പാദനം നടത്തുകയും കൂടുതൽ ആളുകൾ അലങ്കാര മത്സ്യമായി ഉപയോഗിക്കുകയും ചെയ്യുന്നതിൽ പ്രധാനിയാണ് "ഗോൾഡ് ഫിഷ്". സൈപ്രിനിഡേ കുടുംബത്തിൽ കരേഷ്യസ് ഒറേറ്റസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഈ മത്സ്യമാണ് ലോകത്തിൽ തന്നെ ആദ്യമായി അലങ്കാര മത്സ്യമായി ഉപയോഗിച്ച് തുടങ്ങിയത്. കേരളത്തിലെ അലങ്കാര മത്സ്യ വിപണിയിൽ ലഭ്യമാകുന്ന ഈ മത്സ്യങ്ങൾ 90 ശതമാനത്തോളം അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. കേരളത്തിൽ ചുരുക്കം ചില ഹാച്ചറികളും, വ്യക്തികളും ആണ് ഇവയെ വ്യവാസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. ഈ മത്സ്യങ്ങളെ പ്രജനനം നടത്തുന്നതിന് പ്രത്യേകം തയ്യാറാക്കിയ ഗ്ലാസ് ടാങ്കുകളും, എയറേഷൻ സൗകര്യങ്ങളും അത്യാവശ്യമാണ്. ഇവയുടെ ആൺ-പെൺ മത്സ്യങ്ങളെ പ്രത്യേകം വളർത്തി തയ്യാറാക്കിയാണ് പ്രജനനത്തിനായി ഉപയോഗിക്കുന്നത്. ഒരു പെൺമത്സ്യവും രണ്ട് ആൺമത്സ്യവും അടങ്ങിയ ഒരു പ്രജനന ജോഡികളിൽ നിന്നും ശരാശരി 1500 മുതൽ 2000 മുട്ടയാണ് സാധാരണ ലഭിക്കുന്നത്. ഇവയിൽ 80 ശതമാനമെങ്കിലും വിരിയുന്നതാണ്. ഇത്തരത്തിൽ വിരിഞ്ഞ് വരുന്ന കുഞ്ഞുങ്ങളെ ചെറിയ തിരി രൂപത്തിലുള്ള തീറ്റ കൊടുത്ത് 20 മുതൽ 25 ദിവസം വളർത്തി കുഞ്ഞൊന്നിന് 60 പൈസ മുതൽ 1 രൂപ 20 പൈസ വരെ എന്ന നിരക്കിൽ വിപണനം നടത്തുകയാണ് പതിവ്. എന്നാൽ ഈ മത്സ്യങ്ങളെ വാങ്ങി കൊഴുപ്പിച്ച്/ വലുതാക്കി വിൽക്കുന്ന രീതി ലാഭകരമാണെന്നത് കൊണ്ടാകും ചുരുക്കം ചില കർഷകർ ഈ രീതി ചെയ്ത് വിജയം നേടിയതായി കണ്ടിട്ടുണ്ട്. ഇത്തരത്തിൽ കൃഷി നടത്തുന്ന ഒരു രീതി ഇനി നമുക്ക് പരിചയപ്പെടാം.

## കുളങ്ങളിലെ കൃഷി

ചെറിയ വലുപ്പത്തിലുള്ള അലങ്കാര മത്സ്യങ്ങളെ കുളങ്ങളിൽ നിക്ഷേപിച്ച് കൊഴുപ്പിച്ച് വിൽക്കുന്ന രീതി വളരെ പ്രായോഗികമായിട്ടുള്ള ഒന്നാണ്. ഇത്തരത്തിൽ കൃഷി നടത്തുന്നതിന് തനതായ കുളങ്ങളോ, വലിയ നിർമ്മിത ടാങ്കുകളോ ഉപയോഗപ്പെടുത്താമെങ്കിലും കുളങ്ങളിൽ സ്വാഭാവിക സാഹചര്യങ്ങളിൽ വളർത്തുന്നത് വളരെ ഫലവത്താണ്. ഇതിനായി തെരഞ്ഞെടുക്കുന്ന കുളങ്ങൾക്ക് ശരാ

ശരി 4 അടിയെങ്കിലും ആഴം ഉണ്ടായിരിക്കുന്നതാണ് ഉചിതം. ഇത്തരത്തിൽ കൃഷി ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കുന്ന കുളങ്ങൾ ശരിയായ രീതിയിൽ സജ്ജമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സാധാരണയായി ഇത്തരം കുളങ്ങളിൽ ധാരാളം കളമത്സ്യങ്ങൾ ഉണ്ടാകുന്നതിന് ഇടയുണ്ട്. ആയതിനാൽ കളമത്സ്യങ്ങളെയെല്ലാം പരിപൂർണ്ണമായും പിടിച്ച് മാറ്റി കുളം വൃത്തിയാക്കേതാണ്. കൂടാതെ കുളത്തിന്റെ വശങ്ങളിലുള്ള കളസസ്യങ്ങളെയും പരിപൂർണ്ണമായും മാറ്റേണ്ടത് അത്യാവശ്യമാണ്. കുളം സജ്ജമാക്കുന്നതിന്റെ ഭാഗമായി വെള്ളം പമ്പ് ചെയ്തോ അല്ലാതെയോ വറ്റിക്കാൻ സാധിക്കുന്ന കുളങ്ങളിൽ കുളം വറ്റിച്ച് ഉണക്കുന്നതിനായി ഇടുന്നത് നന്നായിരിക്കും. അല്ലാത്ത പക്ഷം കുളത്തിലെ ജലത്തിന്റെ അളവ് കുറയ്ക്കാവുന്നതിന്റെ പരമാവധി കുറച്ച് സെന്റിന് 4 കി.ഗ്രാം. എന്ന അളവിൽ വെള്ളത്തിൽ കലക്കിയ കുമ്മായം അടിത്തട്ടിൽ എല്ലാ ഭാഗത്തും എത്തതക്ക രീതിയിൽ തളിക്കേണ്ടതാണ്. ഇതിനു ശേഷം 7 ദിവസം ഉണക്കുന്നതിനായി ഇടുന്നത് നല്ലതാണ്. തുടർന്ന് കുളങ്ങളിൽ ഉണങ്ങിയ ചാണകം സെന്റൊന്നിന് 3 മുതൽ 4 കി.ഗ്രാം എന്ന തോതിൽ വെള്ളത്തിൽ കലക്കി വേണം ഒഴിക്കേണ്ടത്. വളപ്രയോഗത്തിനുശേഷം കുളത്തിൽ വെള്ളം നിറച്ച് 7 മുതൽ 8 ദിവസം വരെ വയ്ക്കുന്നത് ജലത്തിലെ സസ്യപ്ലവകങ്ങളുടെയും ജന്തു പ്ലവകങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നതാണ്. കുളങ്ങളിൽ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ പക്ഷികളിൽ നിന്നും മറ്റും സംരക്ഷിക്കുന്നതിന് കുളത്തിന് മുകളിൽ വലകൊണ്ട് കെട്ടി മറയ്ക്കുന്നത് നല്ലതാണ്.

### കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ:

മത്സ്യക്കുഞ്ഞുങ്ങൾ വിരിഞ്ഞ് 30 മുതൽ 40 ദിവസം വരെ പ്രായമെത്തിയവയെയാണ് കൊഴുപ്പിക്കൽ കൃഷിക്കായി ഉപയോഗിക്കേണ്ടത്. ഈ സമയത്ത് ഈ മത്സ്യങ്ങൾക്ക് ഏകദേശം 1 സെ.മീ.വലുപ്പമാണ് ഉണ്ടായിരിക്കുന്നത്. ഈ മത്സ്യങ്ങളെ തനിച്ചോ അല്ലെങ്കിൽ എയ്ഞ്ചൽ, കോയി കാർപ്പ് എന്നീ മത്സ്യങ്ങളുമായി കലർത്തിയോ വളർത്തുന്നതിനായി കുളങ്ങളിൽ ഇറക്കാവുന്നതാണ്. ചെറിയ ഗോൾഡ് ഫിഷ് മത്സ്യങ്ങൾക്ക് ശരാശരി 1 രൂപ 20 പൈസയായിരിക്കും വിപണി വില. ഇത്തരത്തിലുള്ള 120 മുതൽ 150 വരെ മത്സ്യങ്ങൾ ഒരു സെന്റ് വിസ്തൃതിയിൽ എന്ന ക്രമത്തിൽ കുളങ്ങളിൽ വളർത്തുന്നതിനായി ഇറക്കാവുന്നതാണ്.

മത്സ്യക്കുഞ്ഞുങ്ങളടങ്ങിയ പായ്ക്കറ്റിനുള്ളിലെ ജലത്തിലെ ഊഷ്മാവും കുളത്തിലെ ഊഷ്മാവും തുല്യമാക്കി വേണം കവറുകൾ തുറന്ന് കുഞ്ഞുങ്ങളെ കുളങ്ങളിലേക്ക് ഇറക്കി വിടേത്. ശരിയായ രീതിയിൽ തയ്യാറാക്കിയ കുളങ്ങളിൽ ധാരാളം സസ്യ-ജന്തു പ്ലവകങ്ങൾ ഉണ്ടായിരിക്കുമെന്നതു കൊണ്ട് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കഴിഞ്ഞ് ഒരു ആഴ്ച വരെ പ്രത്യേകം പുറം തീറ്റ നൽകേണ്ടതില്ല. തുടർന്ന് അരി തവിട്, കപ്പലണ്ടി പിണ്ണാക്ക്, മീൻപൊടി എന്നിവ 6:3:1 എന്ന അനുപാതത്തിൽ കലർത്തി തയ്യാറാക്കിയ തീറ്റ കുറഞ്ഞ അളവിൽ കൊടുത്ത് തുടങ്ങേണ്ടതാണ്. ദിവസത്തിൽ രണ്ട് നേരം എന്ന ക്രമത്തിൽ തീറ്റ പാത്രങ്ങളിൽ തീറ്റ കൊടുക്കുന്നത് ഇവയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് സഹായകമാവുന്നതായിരിക്കും. മത്സ്യക്കുഞ്ഞുങ്ങൾ തീറ്റ കഴിക്കുന്നതിന് ആനുപാതികമായി നൽകുന്ന തീറ്റയുടെ അളവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ 15 ദിവസം തീറ്റ കൊടുത്ത് വളർത്തിയതിനുശേഷം ഇവയ്ക്ക് മൃദുവായ തരത്തിലുള്ള പുല്ല് തീറ്റയായി കൊടുത്ത് തുടങ്ങാവുന്നതാണ്. കുളത്തിൽ നൽകുന്ന പുല്ലിന്റെ അളവ് അവ കഴിക്കുന്നതിന് ആനുപാതികമായി വർദ്ധിപ്പിക്കേതാണ്. ഇത്തരത്തിൽ ശരിയായ രീതിയിൽ പരിപാലിച്ചാൽ രണ്ട് മാസത്തെ വളർച്ച കൊണ്ട് ഗോൾഡ് ഫിഷ് മത്സ്യങ്ങൾ 7 മുതൽ 8 സെ.മീ. വരെ വലുപ്പമാകുന്നതാണ്. ഈ മത്സ്യങ്ങൾക്ക് മൊത്തവില മാർക്കറ്റിൽ കുറഞ്ഞത് 8 മുതൽ 12 രൂപ വരെ ലഭിക്കുന്നതാണ്. ഈ രീതിയിൽ വളർത്തിയെടുക്കുമ്പോൾ മത്സ്യങ്ങളുടെ അതിജീവന തോത് ശരാശരി 80 ശതമാനമായിട്ടാണ്

കണ്ടു വരുന്നത്.

കോതമംഗലത്തുള്ള തകിടിയിൽ ജോസഫ് എന്ന കർഷകൻ ഈ രീതിയിൽ 25 സെന്റ് വലുപ്പമുള്ള കുളത്തിൽ മത്സ്യങ്ങളെ വളർത്തി കഴിഞ്ഞ 7 വർഷമായി ലാഭം കൊയ്ത് വരിക യാണ്. അദ്ദേഹത്തിന് ഈ കുളത്തിൽ നിന്നും രണ്ട് മാസം കൊണ്ട് കുറഞ്ഞത് 20,000/- രൂപ യാണ് ലാഭം മാത്രമായും ലഭിച്ചു കൊണ്ടിരിക്കു ന്നത്.

വിവരങ്ങൾക്ക് കടപ്പാട്:

ശ്രീ. ജോസഫ് തകടിയിൽ, കോതമംഗലം
ശ്രീ. പയസ്സ് കോട്ടപ്പുറം, കെ.സി. ട്രേഡേഴ്സ്.


Ornamental Fish Rearing Pond


Ornamental Fish stocked in Happa Net before packing



Oxygen Packing for Transportation



Nursery Reared Seed Packed for Transporation

# ശാസ്ത്രീയ തിരുത കൃഷി

ഡോ. വികാസ് പി.എ. & ഷിനോജ് സുബ്രമണ്യൻ
കൃഷി വിജ്ഞാനകേന്ദ്രം (എറണാകുളം),
ഞാറയ്ക്കൽ പി. ഒ, കൊച്ചി - 682505

### ശാസ്ത്രീയ തിരുത കൃഷി

ഓര് ജലാശയങ്ങളിൽ വളർത്തുന്നതിന് അനുയോജ്യമായ മത്സ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മത്സ്യങ്ങളിൽ ഒന്നാണ് തിരുത. മുഗിലിഡെ എന്ന കുടുംബത്തിൽ മുഗിൽ സെഫാലസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഈ മത്സ്യം കൂടുതലായും കായൽ ജലാശയങ്ങളിൽ ആണ് കണ്ടു വരുന്നത്.

### തിരുത മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത

തിരുത മത്സ്യങ്ങളെ കൃത്രിമമായി പ്രജനനം നടത്തി വിത്തുൽപ്പാദനം നടത്തുന്ന രീതി ഇറ്റലി, ഈജിപ്റ്റ്, ഇസ്രയേൽ എന്നീ രാജ്യങ്ങളിൽ നടത്തുന്നുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള വിജയകരമായി വിത്തുൽപ്പാദനം നടത്തി കുഞ്ഞുങ്ങളെ വിപണനം നടത്തുന്ന രീതി വളരെ കുറവാണ്. ഇതുകൊണ്ടാണ് ഇന്ത്യയിലടക്കം ലോകത്തിന്റെ നാനാഭാഗങ്ങളിലും കൃഷി നടത്തുന്നതിനുള്ള തിരുത കുഞ്ഞുങ്ങളെ പ്രകൃതിയിൽ നിന്ന് പിടിച്ചെടുക്കുന്നത്. കൃഷി ചെയ്യുന്നത് വിദഗ്ദരായ പരമ്പരാഗത മത്സ്യ തൊഴിലാളികൾ ആണ്. ഇത്തരത്തിൽ കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നത് എറണാകുളം തൃശ്ശൂർ ജില്ലയുടെ തീരപ്രദേശങ്ങളായ നാട്ടിക, കൈപമംഗലം, ഞാറയ്ക്കൽ, പുതുവൈപ്പ് എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് പ്രധാനമായും തിരുത കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നത്. കണ്ണി വലുപ്പം കുറഞ്ഞ (6mm) വീശ്വല ഉപയോഗിച്ചാണ് കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നത്. ജൂൺ രണ്ടാം വാരത്തിൽ ആണ് കുഞ്ഞുങ്ങളെ പിടിച്ചെടുക്കുവാൻ തുടങ്ങുന്നത്. ഇത് ആഗസ്റ്റ് അവസാന വാരം വരെ തുടർന്നു കൊണ്ടിരിക്കും. വിപണിയിൽ തിരുത കുഞ്ഞുങ്ങൾക്ക് 5 മുതൽ 7 രൂപ വരെയാണ് ഇപ്പോഴത്തെ വില. ഇത്തരത്തിൽ തിരുത മത്സ്യങ്ങളെ പിടിച്ചെടുത്ത് വിൽക്കുന്ന പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ എണ്ണം ക്രമേണ കുറഞ്ഞ് വരുന്നതായിട്ടാണ് കണ്ടു വരുന്നത്. വീശി പിടിച്ചെടുക്കുന്ന മത്സ്യ കുഞ്ഞുങ്ങളിൽ നിന്നും തിരുത കുഞ്ഞുങ്ങളെ തരം തിരിച്ചെടുത്ത് ഓക്സിജൻ നിറച്ച പോളിത്തീൻ കവറുകളിലാക്കിയാണ് ആവശ്യക്കാർക്ക് നൽകുന്നത്. മറ്റ് മത്സ്യ കുഞ്ഞുങ്ങളിൽ നിന്നും തിരുത മത്സ്യ കുഞ്ഞുങ്ങളെ തരംതിരിച്ചെടുക്കുന്നതിന് ഈ നാടൻ മത്സ്യ തൊഴിലാളികൾക്ക് പ്രത്യേക കഴിവ് തന്നെയുണ്ട്.

### കേരളത്തിൽ തിരുത മത്സ്യകൃഷിയുടെ പ്രാധാന്യം

ഒരു കാലത്ത് ഏറ്റവും ലാഭകരമായി ആധുനിക സാങ്കേതിക വിദ്യകൾ കോർത്തിണക്കി ചെയ്തു വന്നിരുന്ന ഒരു പ്രധാന ജലകൃഷിയായിരുന്നു ചെമ്മീൻ പാടങ്ങളിലെ കൃഷി. എന്നാൽ തൊണ്ണൂറുകളുടെ ആദ്യപാദത്തിൽ ചെമ്മീനിന് ബാധിച്ച വൈറസ് രോഗബാധ ഈ മേഖലയെ സാവധാനത്തിൽ തളർത്തുവാൻ തുടങ്ങി. ഇന്ന് തീരപ്രദേശങ്ങളിലെ പല ഓര് ജലാശയങ്ങളും പരമ്പരാഗത കൃഷി രീതികളിലേക്ക് ഒതുങ്ങി കൂടിയതായോ കൃഷി ഉപേക്ഷിക്കപ്പെട്ട നിലയിലോ കാണപ്പെടുന്ന ഒരു സ്ഥിതി വിശേഷമാണ് ഉള്ളത്. യഥാർത്ഥത്തിൽ ഇത്തരം ജലാശയങ്ങൾ തിരുത പോലുള്ള ഓര് ജലമത്സ്യങ്ങൾ വളർത്തുന്നതിന് വളരെ അനുയോജ്യമായ ഇടങ്ങളാണ്.

### ശാസ്ത്രീയ തിരുത കൃഷി

ഉപയോഗശൂന്യമായ ഓര് ജലാശയങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ കീഴിലുള്ള എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം എറണാകുളം ജില്ലയിലെ കുമ്പളങ്ങി പ്രദേശത്തുള്ള ശ്രീ. ആംബ്രോസസ് തൊമ്മശ്ശേരി എന്ന മത്സ്യ കർഷകന്റെ 80 സെന്റ് വലുപ്പമുള്ള കൃഷിയിടത്തിൽ പ്രദർശനകൃഷിയുടെ ഭാഗമായി "ശാസ്ത്രീയ തിരുത കൃഷി" 2012-2013-ൽ നടത്തുകയുണ്ടായി. പരമ്പരാഗത രീതിയിലും പിന്നീട് ശാസ്ത്രീയ രീതിയിലും ചെമ്മീൻ കൃഷി ചെയ്ത് പരാജയപ്പെട്ട് കൂടുതൽ കൃഷിയൊന്നും നടത്താതെ കിടന്നിരുന്ന ഒരു കൃഷിയിടമായിരുന്നു ഇത്. ഈ കൃഷിയിടത്തിൽ വേലിയേറ്റ സമയത്ത് 4 അടിയും വേലിയിറക്ക സമയത്ത് 3 അടിയും വരെയാണ് വെള്ളം ഉണ്ടാവുക. ഈ ജലാശയത്തിലെ ജലത്തിന്റെ ഗുണനിലവാരം മനസ്സിലാക്കിയിട്ടായിരുന്നു കൃഷി ആരംഭിച്ചത്. 80 സെന്റ് വലുപ്പമുള്ള ഈ കൃഷിയിടത്തിന് കായലിൽ നിന്നും ഒഴുകി വരുന്ന ഒരു തോടുമായി ബന്ധിപ്പിക്കുന്ന ഒരു തൂമ്പ് ഉായിരുന്നു. ഈ തൂമ്പിലൂടെയാണ് വെള്ളം കയറ്റിയിറക്കിയിരുന്നത്.

### കുഞ്ഞുങ്ങളെ നിക്ഷേപിക്കലും പരിപാലനവും.

ഈ കൃഷിക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ പരമ്പരാഗത മത്സ്യ തൊഴിലാളികളിൽ നിന്നുമാണ് വാങ്ങിയത്. തിരുത കുഞ്ഞുങ്ങൾക്ക് 0.8 മുതൽ 1.5 സെ.മീ. വരെ നീളവും ശരാശരി 200 മി.ഗ്രാം തൂക്കവും ആണ് ഉണ്ടായിരുന്നത്. ഈ മത്സ്യ കുഞ്ഞുങ്ങളെ കൃഷിയിടത്തിൽ തുറന്ന് വിടുന്നതിന് മുമ്പ് ചെറിയ ഹാപ്പ നെറ്റുകളിൽ നിക്ഷേപിച്ച് വിരൽ വലുപ്പമാകുന്നതുവരെ വളർത്തിയിരുന്നു. ഇതിനായി 4ft X 4ft X 4ft അടി വ്യാസമുള്ള ഹാപ്പ നെറ്റുകൾ ആണ് ഉപയോഗിച്ചത്. ഒരു ഹാപ്പ നെറ്റിൽ 500 കുഞ്ഞുങ്ങൾ എന്ന നിരക്കിലാണ് നിക്ഷേപിച്ച് വളർത്തിയത്. ഈ ഹാപ്പ നെറ്റുകൾ മുളം കുറ്റി ഉപയോഗിച്ച് ജലാശയത്തിന്റെ അടിത്തട്ടിൽ നിന്നും ഒരു അടി ഉയരത്തിൽ ആണ് കെട്ടി നിർത്തിയിരുന്നത്. ഇത്തരത്തിൽ 3 ഹാപ്പ നെറ്റുകളിലാക്കി ആകെ 1500 തിരുത മത്സ്യ കുഞ്ഞുങ്ങളെയാണ് കൃഷിക്കായി ഉപയോഗിച്ചത്. ഇത്തരത്തിൽ ഹാപ്പ നെറ്റുകൾ കെട്ടുമ്പോൾ ഇവ തമ്മിൽ കുറഞ്ഞത് ഒരടിയെങ്കിലും അകലം സൂക്ഷിക്കേണ്ടതാണ്. ഈ മത്സ്യ കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുത്ത് തുടങ്ങേണ്ടത് നിക്ഷേപിച്ച് 8 മണിക്കൂറിന് ശേഷം മുതലാണ്.

ദിവസത്തിൽ 5 നേരം എന്ന ക്രമത്തിൽ വേണം തീറ്റ നൽകി തുടങ്ങേണ്ടത്. ആദ്യത്തെ 15 ദിവസം തിരി രൂപത്തിലുള്ള ഫാക്ടറി തിരി തീറ്റ 300 മൈക്രോൺ വലുപ്പമുള്ളതും തുടർന്നുള്ള 15 ദിവസം 500 മൈക്രോൺ വലുപ്പമുള്ളതും തുടർന്നുള്ള 15 ദിവസം 1 എം.എം. വലുപ്പമുള്ളതുമായ തീറ്റയാണ് നൽകിയത്. തീറ്റ നൽകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുന്നത് എല്ലാ മത്സ്യങ്ങൾക്കും ഒരേവിധത്തിൽ തീറ്റ ലഭിക്കുന്നതിനും ശരാശരി അതിജീവന തോത് വർദ്ധിപ്പിക്കുന്നതിനും കാരണമാകുമെന്നതിനാൽ തീറ്റ സമയം എടുത്ത് സാവകാശം ഹാപ്പ നെറ്റിന്റെ അരികിലായി കുറേശ്ശെയായി വീഴത്തക്കരീതിയിൽ വേണം ഇട്ട് കൊടുക്കേണ്ടത്. ഇത്തരത്തിൽ 45 ദിവസത്തെ പരിപാലനം കൊണ്ടു തിരുത മത്സ്യങ്ങൾ വിരൽ വലുപ്പം വയ്ക്കുന്നതാണ്. ഹാപ്പ നെറ്റുകൾ ആഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ കഴുകി വൃത്തിയാക്കണം. ഇത് ഹാപ്പ നെറ്റുകൾക്കുള്ളിലൂടെയുള്ള ജലപ്രവാഹം സുഗമമാക്കുകയും മത്സ്യങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്നതാണ്. ഹാപ്പ നെറ്റുകൾക്ക് മുകളിലായി വലകൾ കൊണ്ട് മറയ്ക്കുന്നത് മത്സ്യ കുഞ്ഞുങ്ങളെ പുറം പക്ഷികളിൽ നിന്നുമുള്ള ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതാണ്. ഇത്തരത്തിൽ ശരിയായ രീതിയിൽ പരിപാലിച്ചാൽ ശരാശരി 90 ശതമാനത്തിലധികം അതിജീവന തോതിൽ വിരൽ വലുപ്പമുള്ള കുഞ്ഞുങ്ങളെ ലഭിക്കുന്നതാണ്. എന്നാൽ ഈ രീതിയിലല്ലാതെ നേരിട്ട് ചെറിയ കുഞ്ഞുങ്ങളെ കുളങ്ങളിൽ നിക്ഷേപിച്ച് വളർത്തുന്ന സാഹചര്യങ്ങൾ ഇവയുടെ അതിജീവന തോത് 30 ശതമാനത്തിൽ താഴെയായിരിക്കും.

**തുറന്ന് വിട്ട കൃഷിയുടെ ആരംഭം.**

വിരൽ വലുപ്പമെത്തിയ കുഞ്ഞുങ്ങളെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ശരിയായ രീതിയിൽ തയ്യാറാക്കിയ കുളങ്ങളിലേക്ക് ഇറക്കി വിടേണ്ടതാണ്. മത്സ്യ കുഞ്ഞുങ്ങളെ കുളത്തിലേക്ക് ഇറക്കി വിട്ട് ഒരു ദിവസത്തിനു ശേഷമാണ് തീറ്റ കൊടുത്ത് തുടങ്ങേണ്ടത്. തിരി രൂപത്തിലുള്ള ജലത്തിൽ പൊന്തിക്കിടക്കുന്ന രീതിയിലുള്ള തീറ്റ കൊടുത്താൽ അമിതമായി തീറ്റ പാഴായി പോകുന്നത് ഒഴിവാക്കാവുന്നതാണ്. മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ആനുപാതികമായി തീറ്റയുടെ അളവും തിരിയുടെ വലുപ്പവും വർദ്ധിപ്പിക്കേതാണ്. ഈ രീതിയിൽ 2mm, 3mm വലുപ്പത്തിലുള്ള തീറ്റയാണ് ഈ പ്രദർശന കൃഷിയിൽ നൽകിയത്. പന്ത്രണ്ട് മാസത്തെ വളർച്ച കൊണ്ട് തിരുത മത്സ്യങ്ങൾ ശരാശരി 500 ഗ്രാം വരെയാണ് വലുപ്പം വെച്ചത്. ഈ പ്രദർശന കൃഷിയിൽ നിന്നും 500 കി.ഗ്രാം തിരുത മത്സ്യങ്ങളെയാണ് വിളവെടുത്തത്. ഓണക്കാലമായതിനാൽ കിലോയ്ക്ക് 500 രൂപ നിരക്കിൽ 2.5 ലക്ഷം രൂപയാണ് ആകെ ലഭിച്ചത്. ഈ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതു വഴി ഉപയോഗശൂന്യമായ ഓര് ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

വിവരങ്ങൾക്ക്കടപ്പാട്: ബാബുതെക്കെപറമ്പിൽ,
എളങ്കുന്നപ്പുഴ.



Farmer Shri.Ambrose in his Mullet Farming field



Mullet Fry



Mullet Rearing Happas installed in the field



Mullet Harvest Mela



Kumbalangi Panchayath President Mrs. Usha Pradeep inaugurating the Harvest Function



Freshly harvested Mullet

# COMMERCIAL PRODUCTION OF PLATY VARITIES

# *(XIPHOPHORUS MACULATUS)*

ANOOP T K
NITH AQUACLINIC, KALAMASSERY, ERNAKULAM, KERALA

**COMMERCIAL PRODUCTION OF PLATY VARITIES** *(XIPHOPHORUS MACULATUS)*

A new method for commercial production of platy verities

## INTRODUCTION

Platys are very gentle community fish. They take feed food from all levels of the water column. Through selective breeding various strains has been developed and is available in many colors including shades of red, yellow, orange, blue, and black predominating in market.

## SCIENTIFIC CLASSIFICATION

| | |
|---|---|
| Kingdom: | Animalia |
| Phylum: | Chordata |
| Class: | Actinopterygii |
| Order: | Cyprinodontiformes |
| Family: | Poeciliidae |
| Genus: | Xiphophorus |
| Species: | X. maculates |

## WATER QUALITY PARAMETERS:

Platies prefer fresh water (Slightly hard water).

| | |
|---|---|
| Optimum pH | : 7.0 to 8.5 |
| Temperature | : 22-28°C |
| Water column | : 50 cm to 75 cm |

It needs weekly water exchange in brood stock and in rearing tanks. (Alternate days exchange of 10% in LRT).

## FOOD AND FEEDING:

They follow omnivorous feeding pattern.

Pellet feed

Algae

Daphnia

Blood worms

Earth worm

Larvae require frequent feeding to ensure fast growth.

Its slightly upturned mouths give them a preference for top feeding, but they are quite capable of feeding from column also

## GROWTH:

They reach 4cm-6cm size within 3-4 months of rearing. This is the ideal size for marketing.

## SEXING

Sex differentiation is easy in Platy. Males possess pointed anal fin called gonopodium, while the females with rounded fan-shaped anal fin. Female bellies possess a dark gravid spot and will be larger than the males. They reach sexual maturity within 3 months of rearing.

## MALE: FEMALE RATIO:

1 Male X 4 4emales

## BREEDING:

Platy fishes are pseudo-livebearers. Female

fertilize eggs inside the ovary. They will hatch free swimming youngones of 60 numbers each at every 4 weeks intervals. Crushed flakes, brine shrimps, etc., can be given as starter diet.

To prevent predation by female utmost care should be taken after hatching. Keeping spawning grass, fine leaved plants, or keeping fry in a breeding trap will prevent the predation by parents.

**CARING OF YOUNG ONES**

Other than flake and Artemia Moina and Daphnia also can be used as larvae diet

**DISEASES AND CONTROL:**

Anchor worm infection:

Cause

- Through introduction of new fig without quarantine
- Overcrowding

Potassium permanganate ($KMnO_4$), Formalin, Malachite green, etc., can be used to treat the anchor worm infection. Sudden salinity change also found effective in anchor worm infections.

**Fin and Tail Rot**

- The cause is due to poor water quality

Infection can be treated by using Acriflavine-MS

PROJECT: A new method for commercial production of platy verities

The objective of this project is to increase the production of platy and thereby increase the income of the aquarist from a single variety with the introduction different way of rearing management.

Normally in conventional practice of live bearers breeding, farmers put the all type of brooders in a single tank / pond or sometimes a single variety in a tank /pond till the harvest. This results in low production and unhealthy animals. This leads to loss of, money, work and interest.

This new method of rearing and breeding provide a good production with minimum time.

**PROJECT REQUIREMENTS**

1. Fresh water supply of pH 7-8.5
2. 1.5mtrs Dai well ring 2 tanks to get a water column of about 60 cm with outlet.
3. Brooders 100 females and 25 males
4. Silpaulin tank or Cement tank of 3m x2m in size 2 numbers
5. Big basin type plastic bucket - 4 numbers and 15 liters plastic bucket 4 numbers
6. Basin -1
7. Hand net medium size -1, soft cloth type -1
8. Plastic carry bags -10 no's
9. Feed for brooders- 3kg
10. Crushed feed for young ones – ½ kg
11. Cattle feed / pellet feed for young ones – 3kg
12. Bird net for covering whole unit
13. Non iodized salt – 5 kg
14. Medicines
15. Bleaching powder- ½ kg
16. pH solution 100 ml
17. Aerator and Tubing
18. Mosquito net for harvest
19. Solid Bricks if constructing cement tank

20. Motor and connection pipes

**1. Brooders Tank:**

This tank can be manufactured by joining two well rings.

It will result 60 cm height and install a outlet connection for drainage.

**2. Fry Rearing Tank FRT- I to FRT-IV:**

30 Lr plastic of buckets are ideal for rearing

**3. Rearing Tank RT-I and RT-II:**

Tanks made of Silpaulin 3m X 2m

or

Cement tanks of 3m X 2m

**REARING MANAGEMENT**

**Brooders Tank:**

Step-1 Select good brooders from market 100 females and 25 males.

Step-2 Feed well with pellet feed and other natural foods.

Step-3 Tear the carry bags ribbon like and put it in the brooders tank. So that gravid female breeds in the shades of these ribbons. It will also help the young ones to hide themselves from the attack of other fishes.

Step-4 Check the ribbons pulling it gently in water for any young ones on daily basis. Collect the frys using soft cloth hand net and put in the collecting basin.

**FRT-1 to FRT-4 ROUTINE MANAGEMENT**

Take day 1st young ones to FRT -1. Continue the process till day 7th young ones to FRT-1. Feed with crushed food, Moina and Daphnia.

On 8th day collect the young ones and put it in the FRT-2. Continue process till day 14th to FRT-2. Feed with crushed food, Moina and Daphnia.

On 15th day collect the young ones and put it in the FRT-3. Continue process till day 21st to FRT-3. Feed with crushed food, Moina and Daphnia.

On 22nd day collect the young ones and put it in the FRT-4. Continue process till day 30th to FRT-4. Feed with crushed food, Moina and Daphnia.

On 31st day the young ones in FRT-1 will be 22 -30 days old. They can be released into RT-1 Tank. So that FRT-1 can be emptied on 31st day to collect the new batch of young ones.

**REARING TANK RT-1 and RT-2 ROUTINE MANAGEMENT**

On 31st day the FRT-1 fry's emptied to RT-1 and

After 7 days FRT-2 fry's emptied to RT-1

Then after 7 days FRT-3 fry's emptied to RT-1

After 9 days FRT-4 fry's emptied to RT-1

So that whole one month fry's will be now in RT-1. If Number is less add next batch also put to this RT-1 tank. Then next batch to the other RT-2. Feed them with cattle feed / crushed pellet, natural foods like Daphnia, blood worms etc. Continue the process daily. Grow them in RT for 2 months after that we can harvest them and sell in the market with a size of 5-6cm in length.

Lay Out Of Unit



## Commonly Available Platy Varieties and its market Analysis

| Variety | Market Value (Retail Value)/ pair | Whole sale Value/ Piece |
|---|---|---|
|  | Rs.15.00 | Rs.3.50 |
|  | Rs.20.00 | Rs.4.50 |
|  | Rs.15.00 | Rs.3.50 |
|  | Rs.15.00 | Rs.3.50 |
|  | Rs.15.00 | Rs.3.50 |
|  | Rs.8.00 | Rs.2.00 |

## EXPENSES FOR THE PROJECT WITH SILPAULIN TANKS

| | | |
|---|---|---|
| 1. | Fresh water supply of pH 7-8.5 | 00.00 |
| 2. | 1.5mtrs Dai well ring 2 tanks to get a water column of about 60 cm with outlet. | 1500.00 |
| 3. | Brooders 100 females and 25 males | 625.00 |
| 4. | Silpaulin tank 3m x2m in size 2 numbers | 2000.00 |
| 5. | Big basin type plastic bucket - 4 numbers and 15 liters plastic bucket 4 numbers | 1400.00 |
| 6. | Basin -1 | 125.00 |
| 7. | Hand net medium size -1, soft cloth type -1 | 200.00 |
| 8. | Plastic carry bags -10 no's | 10.00 |
| 9. | Feed for brooders- 3kg | 250.00 |
| 10. | Crushed feed for young ones – ½ kg | 60.00 |
| 11. | Cattle feed / pellet feed for young ones – 3kg | 200.00 |
| 12. | Bird net for covering whole unit | 300.00 |
| 13. | Non iodized salt – 5 kg | 100.00 |
| 14. | Medicines | 250.00 |
| 15. | Bleaching powder- ½ kg | 60.00 |
| 16. | pH solution 100 ml | 150.00 |
| 17. | Aerator and Tubing | 200.00 |
| 18. | Mosquito net for harvest | 300.00 |
| 19. | Motor and connection pipes | 10000.00 |
| | **Total** | **17730.00** |

## EXPENSES FOR THE PROJECT WITH SILPAULIN TANKS

| | | |
|---|---|---|
| 1. | Fresh water supply of pH 7-8.5 | 00.00 |
| 2. | 1.5mtrs Dai well ring 2 tanks to get a water column of about 60 cm with outlet. | 3000.00 |
| 3. | Brooders 100 females and 25 males | 625.00 |
| 4. | Cement tank 6m x4m in size Divided<br>Solid Blocks 250X 20=5000.0<br>Sand 30 feet X 50= 1500.00<br>Cement 5 bags X 480 = 2400.00<br>Mason 750 X 3 =2250.00<br>Helper 700 X 3 =2100.00 | 10250.00 |
| 5. | Big basin type plastic bucket - 4 numbers and 15 liters plastic bucket 4 numbers | 1400.00 |
| 6. | Basin -1 | 125.00 |
| 7. | Hand net medium size -1, soft cloth type -1 | 200.00 |

| | | |
|---|---|---|
| 8. | Plastic carry bags -10 no's | 10.00 |
| 9. | Feed for brooders- 3kg | 250.00 |
| 10. | Crushed feed for young ones – ½ kg | 60.00 |
| 11. | Cattle feed / pellet feed for young ones – 3kg | 200.00 |
| 12. | Bird net for covering whole unit | 300.00 |
| 13. | Non iodized salt – 5 kg | 100.00 |
| 14. | Medicines | 250.00 |
| 15. | Bleaching powder- ½ kg | 60.00 |
| 16. | pH solution 100 ml | 150.00 |
| 17. | Aerator and Tubing | 200.00 |
| 18. | Mosquito net for harvest | 300.00 |
| 19. | Motor and connection pipes | 10000.00 |
| | **Total** | **30480.00** |

## EXPENSES FOR THE PROJECT WITHOUT CEMENT TANKS AND ELECTRIC PUMP

| | | |
|---|---|---|
| 1. | Fresh water supply of pH 7-8.5 | 00.00 |
| 2. | 1.5mtrs Dai well ring 2 tanks to get a water column of about 60 cm with outlet. | 1500.00 |
| 3. | Brooders 100 females and 25 males | 625.00 |
| 4. | Silpaulin tank 3m x2m in size 2 numbers | 2000.00 |
| 5. | Big basin type plastic bucket - 4 numbers and 15 liters plastic bucket 4 numbers | 1400.00 |
| 6. | Basin -1 | 125.00 |
| 7. | Hand net medium size -1, soft cloth type -1 | 200.00 |
| 8. | Plastic carry bags -10 no's | 10.00 |
| 9. | Feed for brooders- 3kg | 250.00 |
| 10. | Crushed feed for young ones – ½ kg | 60.00 |
| 11. | Cattle feed / pellet feed for young ones – 3kg | 200.00 |
| 12. | Bird net for covering whole unit | 300.00 |
| 13. | Non iodized salt – 5 kg | 100.00 |
| 14. | Medicines | 250.00 |
| 15. | Bleaching powder- ½ kg | 60.00 |
| 16. | pH solution 100 ml | 150.00 |
| 17. | Aerator and Tubing | 200.00 |
| 18. | Mosquito net for harvest | 300.00 |
| 19. | Hoses | 1000.00 |
| | **Total** | **8730.00** |
| | | |

# INCOME FROM THE UNIT

| | |
|---|---|
| 1-7 Days 25 female brooders breeds @ 25 no's of young ones (**Consider 1 breeds 25 young ones) | 625 no's |
| 8-14 Days 25 female brooders breeds @ 25 no's of young ones | 625 no's |
| 15-21 Days 25 female brooders breeds @ 25 no's of young ones | 625 no's |
| 22-30 Days 25 female brooders breeds @ 25 no's of young ones | 625 no's |
| Total Young ones in one month | 2500 no's |
| **We are considering only 25 fry's from one brooder in a single breed. Normally it is 40-60 no's as earlier discussed. | |
| After 3-4 months caring we can sell them in the market @ 3.50 / piece | |
| So the return after the 3-4 months effort will be **rs.3.50 X 2500 = Rs.8750.00** | |

If anybody interested to take loan for starting this unit an amount of RS.35000.00 can be easily granted. He can easily repay it in 10 months with 5 months concession.

ENTREPRENEURSHIP DEVELOPMENT TRAINING PROGRAMME

# CLIMATE RESILIENT AQUACULTURE PRACTICES

6th to 10th March 2015

*Sponsored by*

## National Innovations on Climate Resilient Agriculture (NICRA)

*Organized by*

## Krishi Vigyan Kendra (Ernakulam) of Central Marine Fisheries Research Institute (CMFRI)

| Name | Title | Contact Number |
|---|---|---|
| Dr. Boby Ignatius | Business opportunities in Aquaculture and related sectors | 9446739731 |
| Dr. P. Vijayagopal | Scope of Aquaculture feed sector as a promising business | 9496280584 |
| Mr. Kiran (Trader) | Ornamental fish trade prospects and practices | 9349750725 |
| Mr. Sukumaran (Farmer) | Practical discussion on Cage aquaculture in brackish water bodies | 9349854180 |
| Mr. Gopalakrishnan Nair | Technologies and products of Matsyafed and their applications in modern Aquaculture | 9526041071 |
| Dr. Seema C | Programmes of FFDA and other government departments | 9495983084 |
| Dr. Vikas PA | Small scale Aquaculture prospects and practices | 9447993980 |
| Mr. Joseph Thakidiyil (Farmer) | Ornamental fish fattening in ponds | 9446687191 |
| Mr. Anoop | Breeding of fresh water fishes | 9746799529 |
| Dr. Shaji M | Business opportunities in Fresh water and brackish water Aquaculture; prospects and issues | 944764872 |
| Dr. Vikas PA | Visit to small scale Aquaculture unit | 9447993980 |
| Prof. I.S. Bright Singh | Entrepreneurship development programme in Climate resilient Aquaculture | 9447631101 |
| Smt. P. Sreeletha | Practical discussion on Value added fishery product development and Marketing | 9447866771 |

**TRAINING-FARMER DETAILS**

**Title of Training: EDP- Climate resilient Aquaculture**

**Date: 6th march to 10th march 2015**

| Sl. No. | Name of the farmer | Father /Husband name | Village Name | Mobile number |
|---|---|---|---|---|
| 1 | Appu Antony | Antony Joseph | Kumbalangi | 9995074306 |
| 2 | Akhil Mathews | P.V Mathai | Kalady | 9846241599 |
| 3 | Kailas R Kartha | PD RamanchandranKartha | Ernakulam | 9895758575 |
| 4 | Navas Kl | Ibrahim | Edavanakkad | 9947393890 |
| 5 | Anas K A | Abdulhakkim | Edavanakkad | 8129995761 |
| 6 | Anil MK | Mc Kunjappan | Paravur | 9539039912 |
| 7 | ReshmaShyamkumar | Shyamkumar | Edavanakkad | 9847525619 |
| 8 | Jino Joseph | PR Joseph | Kuttikkattukara | 7736677700 |
| 9 | Nandhakishore | Rajamohan | Ayyampilly | 9605091149 |
| 10 | Arun T | Thulaseedharan Pillai | Ernakulam | 9495252120 |
| 11 | Phebe Lincy Jerome | Jerome PK | Trichur | 8111940333 |
| 12 | Rajesh MV | MK Vasu | Trichur | 9995783303 |
| 13 | Swathiraj MS | Suraj MK | Nayarambalam | 9496261501 |
| 14 | Hershal KA | KX Antony | Kochi | 9496741945 |




# സംരംഭകത്വ വികസന പരിപാടി

## കാലാവസ്ഥാ അതിജീവന മത്സ്യകൃഷി–2015


Central Marine Fisheries Research Institute
( Indian Council of Agricultural Research )
Post Box No. 1603, Ernakulam North P.O., Kochi - 682 018, Kerala, India

ISBN 978-93-82263-09-8